പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1608 — 04-12-2018-ലെ മറുപടിയ്ക്ക്

## പ്രളയവും കൃഷി നാശവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | പ്രളയത്തിലും കനത്ത മഴയത്തുണ്ടായ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും സംസ്ഥാനത്തൊട്ടാകെ എത്ര ഏക്കർ കൃഷി നശിച്ചിട്ടുണ്ട്; ഇതിലൂടെ എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്; | **(എ)** | 2018 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. |
| **(ബി)** | ഏതെല്ലാം കാർഷിക വിളകളാണ് മുഖ്യമായും നശിച്ചത്; | **(ബി)** | നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്, കുരുമുളക്, റബ്ബർ, കപ്പ, ഏലം തുടങ്ങിയ വിളകളാണ് മുഖ്യമായും നശിച്ചത്. |
| **(സി)** | കൃഷി നശിച്ച കർഷകർക്ക് സംസ്ഥാനത്തൊട്ടാകെ എത്ര കോടി രൂപയുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; | **(സി)** | കൃഷി നശിച്ച 2,32,966 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, സംസ്ഥാന വിഹിതമായി 2,18,198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റു അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽ മൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |
| **(ഡി)** | കാർഷിക വിളകൾ ഇൻഷ്വർ ചെയ്തതു പ്രകാരം എത്ര കോടി രൂപയുടെ ഇൻഷ്വറൻസ് ആനുകൂല്യം നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | **(ഡി)** | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11,750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ